ഗവമ്മെണ്ടു കാണിക്കാറുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സമുദായങ്ങളെ ഗവമ്മെണ്ടു പ്രതേകമായ ഗണിച്ചുവരുന്നുണ്ടു്

രാമവമ്മതമ്പുരാൻ.—അപ്രതിനിധീകൃതമാണെന്നു തോന്നുന്ന എല്ലാ സമുദായങ്ങളോടും ടികായ്ത്തിൽ ഗവമ്മെണ്ടു് പ്രതേകത കാണിക്കാറുണ്ടു്. അങ്ങിനെയുള്ള സമുദായങ്ങൾ ഇന്നിന്നവയാണെന്നു കാണിക്കുവാൻ ലിസ്റ്റു വച്ചിട്ടില്ല.

206. മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി.—നമ്പൂതിരി സമുദായം ഗവമ്മെണ്ടുദ്യോഗങ്ങളിൽ പ്രാതിനിധ്യമില്ലാത്ത ഒരു സമുദായമാണെന്നു് ഗവമ്മെണ്ടു വിചാരിക്കുന്നുണ്ടോ?

രാമവമ്മതമ്പുരാൻ.—ഗവമ്മെണ്ടുദ്യോഗങ്ങളിൽ നമ്പൂതിരി സമുദായത്തിൽപെട്ടവരും ഉണ്ടു്.

207. മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി.—ഒരു രാജ്യത്തെ ഗവമ്മെണ്ടുദ്യോഗങ്ങളിൽ ആ രാജ്യത്തുള്ള വിവിധ സമുദായങ്ങൾക്കും വല്ല പ്രതേക സൌകര്യങ്ങളും ചെയ്തുകൊടുക്കുന്നതായാൽ അതുകൊണ്ടുള്ള ഗുണദോഷങ്ങൾ എന്തെല്ലാമാണു്?

രാമവമ്മതമ്പുരാൻ.—ആ സമുദായത്തിൽ പെട്ടവർക്കു് അതുകാരണം കുറെ അധികം ഉദ്യോഗങ്ങൾ കിട്ടുവാൻ വഴിയുണ്ടു്; എന്നുള്ളതു തന്നെ.

നിയമനിർമ്മാണ സഭയിലേക്കുള്ള സമ്മതിദാനാവകാശത്തിന്റെ അടിസ്ഥാനം.

208. മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി.—ഈ രാജ്യത്തിൽ നിയമനിർമ്മാണസഭയിലേക്കുള്ള സമ്മതിദാനാവകാശം നികുതിയെ അടിസ്ഥാനമാക്കുവാൻ കാരണമെന്താണു്?

റാവുസാഹിബു് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—നിയമസഭയുള്ള രാജ്യങ്ങളിലെല്ലാം സമ്മതിദാനാവകാശത്തിനുള്ള പ്രധാന യോഗ്യതകളിൽ ഒന്നു് നികുതിയായി കരുതിവരുന്നതിനാൽ.

മിസ്റ്റർ കെ. അയ്യപ്പൻ.—ഇവിടെ "നിയമസഭ ഉള്ള രാജ്യങ്ങളിലെല്ലാം സമ്മതിദാനാവകാശത്തിനുള്ള പ്രധാന യോഗ്യതകളിൽ ഒന്നു് നികുതിയായി കരുതിവരുന്നതിനാൽ" എന്നു മറുപടി പറഞ്ഞിരിയ്ക്കുന്നു. എല്ലാ രാജ്യത്തും അങ്ങിനെയാണോ?

റാവുസാഹിബു് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—എന്റെ അറിവിൽപെട്ടിടത്തോളം ഉള്ള കേസുകളിലെല്ലാം അങ്ങിനെതന്നെയാണു്.

മിസ്റ്റർ കെ. അയ്യപ്പൻ.—ഇംഗ്ലണ്ടിലോ?

റാവുസാഹിബു് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—ഇംഗ്ലണ്ടിനെസംബന്ധിച്ചു് എങ്ങിനെയാണെന്നു നിശ്ചയമില്ല. ഇൻഡ്യാ

LIBRARY ARCHIVES Kerala Legislative Assembly